# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4695 — 18/12/2014 ൽ മറുപടിക്ക്

### സർവ്വശിക്ഷാ അഭിയാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഈ വർഷം സർവ്വശിക്ഷാ അഭിയാൻ പദ്ധതിക്ക് കേന്ദ്രം അനുവദിച്ച തുക ഏതെല്ലാം പദ്ധതികൾക്കുവേണ്ടിയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ ; | എ) സർവ ശിക്ഷാ അഭിയാൻ കേരളയ്ക്ക് നടപ്പുവർഷം 429.81 കോടി രൂപ പദ്ധതി അടങ്കലായി അനുവദിച്ചു. ഇതിൽ കേന്ദ്ര വിഹിതം 259.22 കോടിയാണ് 103 കോടി ലഭിച്ചു. 30.11.2014 വരെ 120.50 കോടി രൂപ ചെലവഴിച്ചു. താഴെ പറയുന്ന മേഖലകളിലാണ് തുക പ്രധാനമായും ചെലവഴിക്കുന്നത്.<br>1. സൗജന്യ പാഠപുസ്തകം<br>2. സൗജന്യ യൂണിഫോം<br>3. അധ്യാപക പരിശീലനം<br>4. സ്കൂൾ ഗ്രാന്റ്<br>5. ഗവേഷണവും, മൂല്യനിർണ്ണയവും<br>6. ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സഹായ വിതരണം<br>7. പെൺകുട്ടികളുടെ വിദ്യാഭ്യാസം<br>8. പട്ടികജാതി / പട്ടിക വർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം<br>9. ന്യൂനപക്ഷ വിദ്യാഭ്യാസം<br>10. കമ്മ്യൂണിറ്റി പരിശീലനം<br>11. സിവിൽ വർക്ക്<br>12. പഠന ബോധന പരിപാടി<br>13. സാമൂഹ്യ പങ്കാളിത്തം |
| (ബി) സ്കൂൾ കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്യുവാൻ ഈ പദ്ധതിയിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ടോയെന്നും ; എല്ലാവർക്കും യൂണിഫോം വിതരണം പൂർത്തിയാക്കിയിട്ടുണ്ടോയെന്നും പറയാമോ; | (ബി) 2014-15 സാമ്പത്തിക വർഷം യൂണിഫോമിനായി അനുവദിക്കപ്പെട്ട തുക ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഗവൺമെന്റ് സ്കൂളുകളിലെ എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാവർക്കും യൂണിഫോം വിതരണം നടത്തിവരുന്നു. |
| (സി) ഈ വർഷം എസ്.എസ്.എ. പദ്ധതി വിഹിതം ഉപയോഗിച്ച് കേന്ദ്രം അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കുവാൻ സംസ്ഥാനത്ത് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും അത് നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമെന്നും സർക്കാർ ഉറപ്പുവരുത്തുമോ; വിശദാംശം ലഭ്യമാക്കുമോ ? | (സി) 2013-14 വർഷത്തെ വാർഷിക പദ്ധതിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തുവാനുള്ള നടപടികൾ സംസ്ഥാന ജില്ലാ ഓഫീസുകൾ കൈ ക്കൊണ്ടുവരുന്നു. |

സെക്ഷൻ ഓഫീസർ